മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

എം.എച്ച്.ആർ.എം. പ്രോഗ്രാം - അഫിലിയേറ്റഡ് കോളേജുകൾ - സിലബസ് പരിഷ്കരണം 2018 - എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശകൾ - അംഗീകരിച്ചു - ഉത്തരവാകുന്നു.

==========================================================================

**അക്കാദമിക് എIV വിഭാഗം**

സ.ഉ.നം: 5737/എ IV/2/2018/അക്കാദമിക് | പ്രിയദർശിനി ഹിൽസ്, തീയതി: 25.07.2018

==========================================================================

വായിക്കുക:- 18/07/2018-ാം തീയതിയിൽ കൂടിയ എം.എച്ച്.ആർ.എം. കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

**ഉത്തരവ്**

മുകളിൽ പരാമർശിച്ചിട്ടുള്ള പേപ്പർ പ്രകാരം കൂടിയ എം.എച്ച്.ആർ.എം. കോഴ്സിന്റെ എക്സ്പേർട്ട് കമ്മിറ്റി യോഗത്തിന്റെ ശുപാർശകൾ താഴെപ്പറയും പ്രകാരമാണ്.

1. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.എച്ച്.ആർ.എം. കോഴ്സിന്റെ പാഠ്യപദ്ധതി, സ്കീം, സിലബസ് എന്നിവ പരിശോധിക്കുകയും ചർച്ചചെയ്യുകയും ചെയ്തു. എം.എച്ച്.ആർ.എം. കോഴ്സിന്റെ റഗുലേഷൻ അവലോകനം ചെയ്യുകയും, ചില ഭേദഗതികൾ ശുപാർശ ചെയ്യുകയും ചെയ്തു.
2. എം.എച്ച്.ആർ.എം. കോഴ്സിന്റെ സിലബസിലേക്കുള്ള കോഴ്സുകളുടെ പട്ടികകൾ ചർച്ച ചെയ്യുകയും, അന്തിമരൂപം നൽകുകയും ചെയ്തു.
3. എം.എച്ച്.ആർ.എം. കോഴ്സിന്റെ ഇനിയുള്ള സിലബസ് പരിഷ്കരണത്തിനും അപ്ഡേഷനുകൾക്കുമായി ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു.
4. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.എച്ച്.ആർ.എം. കോഴ്സിന് 2018 അഡ്മിഷൻ മുതൽ റഗുലേഷൻ, സ്കീം, സിലബസ് എന്നിവ ആവശ്യമായ പരിഷ്കരണങ്ങളോടുകൂടി നടപ്പിൽ വരുത്തുവാൻ കമ്മിറ്റി ശുപാർശ ചെയ്തു.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ടി ശുപാർശകളും, അതോടൊപ്പം സമർപ്പിച്ച മാതൃകാ സിലബസും അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ചെയർമാൻ/മെമ്പേഴ്സ് എക്സ്പേർട്ട് കമ്മിറ്റി
4. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ വിഭാഗം)
5. ഇ.ഐ VII/XXXV/ഇ.ബി. സെക്ഷനുകൾ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എസിഎ4/2/എം.എച്ച്.ആർ.എം/2018